(ബി) പ്രസ്തുത ഉത്തരവുപ്രകാരം കെൽട്രോണിൽ നിന്നും കിയോസ്കുകൾ ഒന്നുംതന്നെ പഞ്ചായത്ത് വാങ്ങിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

(ഡി) പൊതുമേഖലാ സ്ഥാപനമായതിനാൽ കെൽട്രോണിൽനിന്നും വാങ്ങുവാൻ നിർദ്ദേശിക്കുകയാണുണ്ടായത്. കമ്പ്യൂട്ടർ, പ്രൊജക്ടർ, മറ്റ് ഐ.റ്റി. ഉപകരണങ്ങൾ ഇവ കെൽട്രോണിൽനിന്നും വാങ്ങുന്ന രീതി കഴിഞ്ഞ അനേക വർഷമായി നിലവിലുണ്ട്. എന്നാൽ കിയോസ്കുകൾ സ്ഥാപിക്കുന്നതിനായി കെൽട്രോൺ ഇ-ടെണ്ടർ ചെയ്തിരുന്നെങ്കിലും അനുയോജ്യരായ വെണ്ടറെ കിട്ടിയിരുന്നില്ല. തുടർന്ന് വീണ്ടും ഇ-ടെണ്ടർ ക്ഷണിച്ച് തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

ഇന്ദിരാ ആവാസ് യോജന പദ്ധതി

26 (*146) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പദ്ധതി നടപ്പാക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാൻ ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നുവോ; വ്യക്തമാക്കുമോ ;

(ബി) വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(സി) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി വായ്പകൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ തിരിച്ചടയ്ക്കുന്നുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വായ്പാ തിരിച്ചടവിൽ കടിശ്ശികയുണ്ടോ; വിശദമാക്കുമോ;

(ഡി) വായ്പാ തിരിച്ചടവ് കടിശ്ശിക ഇല്ലാതാക്കാൻ സർക്കാർതലത്തിൽ ഇടപെടൽ നടത്തുമോ; വ്യക്തമാക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) അതെ. 2011-12 വർഷം മുതൽ ഇന്ദിരാ-ആവാസ് യോജനയുടെ യൂണിറ്റ് കോസ്റ്റ് പട്ടികജാതി, ജനറൽ വിഭാഗങ്ങൾക്ക് രണ്ട് ലക്ഷമായും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിരുന്നു. യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോസ്റ്റ് വർദ്ധിപ്പിച്ചതുമൂലം 2012-13 വർഷം വീട് ഒന്നിന് 75,000 രൂപ നിരക്കിൽ സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഏറ്റിരുന്ന അധിക ധനസഹായം കണ്ടെത്തുന്നതിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ ടി ഇക ത്രിതല സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ മുഖേന കണ്ടെത്തുന്നതിന് സ.ഉ.(എംഎസ്) നമ്പർ 90/13/ തസ്വഭവ തീയതി 14/3/2013 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധനയുടെ ഫലമായി 2011-12 വർഷത്തെ അധിക ബാധ്യത പരിഹരിക്കുന്നതിനും ത്രിതല സഹകരണ ബാങ്കുകളിൽനിന്ന് വായ്പ എടുക്കുന്നതിന് 24-5-2013 തീയതിയിലെ സ.ഉ.(കൈ) 193/13/തസ്വഭവ, 13-6-2013 തീയതിയിലെ 220/2013/ തസ്വഭവ എന്നീ ഉത്തരവുകൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുമതി നൽകിയിരുന്നു.

(ബി) വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് 2011-12 വർഷത്തെ വായ്പാത്തുകയുടെ തിരിച്ചടവ് സംബന്ധിച്ച് സ.ഉ. (കൈ)നമ്പർ 332/13/തസ്വഭവ തീയതി 9-10-2013 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2011-12 വർഷത്തെ ബാധ്യത പരിഹരിക്കുന്നതിന് എടുത്ത വായ്പാ തുകയുടെ മുതൽ പത്ത് തുല്യഗഡുക്കളായി ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽനിന്നും (ജനറൽ, എസ്.സി.പി., റ്റി.എസ്.പി) തിരിച്ചടയ്ക്കുന്നതിനും 11.25% വരെയുള്ള പലിശ സർക്കാർ അടയ്ക്കുന്നതിനും ഉത്തരവായിരുന്നു. ആയതിൻപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾ ടി മുതൽ ഇക പ്രോജക്ട് വച്ച് പ്ലാൻ ഫണ്ടിൽനിന്നും തിരികെ അടച്ചുവരികയാണ്.

(ഡി) വായ്പാത്തുകയുടെ മുതലും പലിശയും തിരിച്ചടയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

ന്യൂനപക്ഷക്ഷേമ പദ്ധതികൾ

27 (*147) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ കാലതാമസമില്ലാതെ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.